LIBRARY ARCHIVES Kerala Legislative Assembly

പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾ

160 (909) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരത്തിൽപ്പരം കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് 3 കോടി രൂപ അനുവദിച്ചിരുന്ന കിഫ്ബി പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിലെ നാല് ഹയർ സെക്കണ്ടറി സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ നടപ്പിലാക്കാൻ ആവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ എന്നറിയിക്കാമോ?

(എ&ബി) 3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിൽ ഭൗതിക സൗകര്യവികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ പേരും അവിടുത്തെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു :

സി.പി.എൻ.എസ്.ജി.എച്ച്.എസ്.എസ്. മാതമംഗലം - 40 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ജി.എച്ച്.എസ്.എസ്. വയക്കര, ജി.എച്ച്.എസ്.എസ്. വെള്ളൂർ, ജി.എച്ച്.എസ്.എസ്. മതിൽ, ഷേണായി സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പയ്യന്നൂർ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം

161 (910) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2016-2021) ഓരോ വർഷവും സർക്കാർ വിദ്യാലയങ്ങളിൽ ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ എത്ര കുട്ടികൾ പഠിച്ചിരുന്നു എന്ന വിവരം ക്ലാസ്സ് തിരിച്ചു ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2016-2021) ഓരോ അധ്യയന വർഷവും സർക്കാർ വിദ്യാലയങ്ങളിൽ ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ പഠിച്ചിരുന്ന കുട്ടികളുടെ എണ്ണം ക്ലാസ്സ് തിരിച്ചു അനുബന്ധം (1) ആയി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.